നം:ICDS.A7-30710/13

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി : 29.03.2017.

സാമൂഹ്യനീതി ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
ബന്ധപ്പെട്ട സി.ഡി.പി.ഒ. മാർക്കും.

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന പദ്ധതി - 4235-02-102-96(പി), 4235-02-102-91(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ചുള്ള അങ്കണവാടി കെട്ടിട നിർമ്മാണം, നവീകരണം - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1. സ.ഉ.(സാധാ) നം.148/2017/സാ.നീ.വ. തീയതി 15.3.17.
2. സ.ഉ.(സാധാ) നം.149/2017/സാ.നീ.വ. തീയതി 15.3.17
3. ഐ.സി.ഡി.എസ്/എ7-3187/16 തീയതി 18.3.17 നം. ഉത്തരവ്.
4. ഐ.സി.ഡി.എസ്/എ7-30710/13 തീയതി 20.3.17 നം. ഉത്തരവ്.
5. ഐ.സി.ഡി.എസ്/എ7-3187/16 തീയതി 24.3.17 നം. ഉത്തരവ്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2016-17 സാമ്പത്തിക വർഷം 4235-02-102-96(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1740 ലക്ഷം രൂപ വിനിയോഗിച്ച് 200 അങ്കണവാടി കെട്ടിടങ്ങൾ 14.5 ലക്ഷം രൂപ വീതം ചെലവഴിച്ച് നിർമ്മിക്കുന്നതിനും 4235-02-102-91 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 822 ലക്ഷം രൂപ വിനിയോഗിച്ച് 1370 അങ്കണവാടി കെട്ടിടങ്ങൾ കെട്ടിടം ഒന്നിന് 1 ലക്ഷം രൂപ നിരക്കിൽ നവീകരിക്കുന്നതിനും നിർമ്മാണ-നവീകരണ പ്രവർത്തനങ്ങളുടെ 40% തുക ബന്ധപ്പെട്ട LSGD വഹിക്കണമെന്ന് ഉറപ്പിന് വിധേയമായി സൂചന (1), (2) പ്രകാരം ഭരണാനുമതി നല്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ആയത് പ്രകാരം കെട്ടിട നിർമ്മാണ-നവീകരണ പ്രവർത്തനങ്ങളുടെ 40% തുക ബന്ധപ്പെട്ട LSGD വഹിക്കാമെന്നുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 200 അങ്കണ വാടി കെട്ടിടങ്ങൾ 14.5 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്നതിനും 1370 അങ്കണവാടി കെട്ടിടങ്ങൾ 1 ലക്ഷം രൂപ ചെലവിൽ നവീകരണം നടത്തുന്നതിനും പൊതുമരാമത്ത് (കെട്ടിട വിഭാഗം) ചീഫ് എൻജിനീയറെ ചുമതലപ്പെടുത്തി സൂചന(3), (4) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

PDF processed with CutePDF evaluation edition www.CutePDF.com

ഈ സാഹചര്യത്തിൽ പ്രസ്തുത ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ച് അങ്കണവാടി കെട്ടിട നിർമ്മാണ-നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

എ) കെട്ടിട നിർമ്മാണത്തിന്റെയും നവീകരണത്തിന്റെയും LSGD വിഹിതമായ 40% (കെട്ടിട നിർമ്മാണം 5,80,000/- രൂപ, കെട്ടിട നവീകരണം 40,000/- രൂപ) ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള '8843-00-108-പി.ഡബ്ല്യൂ.ഡെപ്പോസിറ്റ്' എന്ന ശീർഷകത്തിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതും ഡെപ്പോസിറ്റ് ചെയ്തത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട PWD എക്സിക്യൂട്ടീവ് എൻജിനീയർമാരെ അറിയിക്കേണ്ടതുമാണ്. ഇതു സംബന്ധിച് ഉത്തരവ് സൂചന 5 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട LSGD സെക്രട്ടറിമാർ, പി.ഡബ്ള്യൂ.ഡി. എക്സിക്യൂട്ടീവ് എൻജിനീയർമാർ എന്നിവർക്ക് കൈമാറേണ്ടതാണ്.

ബി) കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം LSGD പൊതുമരാമത്ത് വകുപ്പിന്റെ പ്രസ്തുത ശീർഷകത്തിൽ ഡെപ്പോസിറ്റ് ചെയ്യുന്നുവെന്ന് ബന്ധപ്പെട്ട സി.ഡി.പി.ഒ. ഉറപ്പു വരുത്തേണ്ടതാണ്.

സി) സൂചന (3), (4) പ്രകാരം നിർമ്മാണ-നവീകരണാനുമതി നല്കിയ 200, 1370 അങ്കണ വാടികളിൽ നിർമ്മാണം സാധ്യമാകാത്തതോ, മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ-നവീകരണാനുമതി ലഭിച്ചിട്ടുള്ളതോ ആയ അങ്കണവാടികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന് പകരം മറ്റൊരു അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന്-നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ 2017 ഏപ്രിൽ 15 ന് മുമ്പ് സമർപ്പിക്കാവുന്നതാണ്. ( ആയത് ജില്ലാ അടിസ്ഥാനത്തിലോ, പ്രോജക്ട് അടി സ്ഥാനത്തിലോ പഞ്ചായത്ത് അടിസ്ഥാനത്തിലോ മാറ്റി നല്കുന്നതിന് ബന്ധപ്പെട്ട LSGD 40% തുക വഹിക്കാമെന്നുള്ള തീരുമാനം ഉൾപ്പെടെ സമർപ്പിക്കണം)

ഡി) കെട്ടിട നിർമ്മാണത്തിനും - നവീകരണത്തിനും അനുമതി ലഭിച്ച അങ്കണ വാടികളുടെ പ്രവൃത്തികൾ അടിയന്തിരമായി ഏറ്റെടുത്ത് നടത്താൻ PWD എക്സിക്യൂട്ടീവ് എൻജിനീയർമാർക്ക് CDPO/PO മാർ ഉത്തരവിന്റെ പകർപ്പ് സഹിതം

കത്ത് നല്കേണ്ടതും നിർമ്മാണ-നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി PWD ഏറ്റെടുത്ത് നടത്തുന്നുവെന്ന് സി.ഡി.പി.ഒ.മാർ ഉറപ്പാക്കേണ്ടതുമാണ്. ഇതിൽ PWD വീഴ്ചവരുത്തുന്ന പക്ഷം വിവരം സാമൂഹ്യനീതി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഇ) കെട്ടിട നിർമ്മാണം-നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി PWD യെക്കൊണ്ട് നിർവ്വഹിപ്പിക്കുന്നതിന് LSGDയുടെ ഇടപെടൽ ഉറപ്പാക്കേണ്ടതാണ്.

എഫ്) നിർമ്മാണ-നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതി റിപ്പോർട്ട് എല്ലാ മാസവും പ്രോഗ്രാം ഓഫിസർ, ജില്ലാ ഓഫീസർ എന്നിവർ റിവ്യു ചെയ്യേണ്ടതും റിപ്പോർട്ട് സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർ

ഈ.ജെ.28.3.17

**സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ നടപടി ക്രമങ്ങൾ**
**(സാന്നിദ്ധ്യം: ശ്രീ. വേണു.വി.എസ്.**

വിഷയം :- സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന പദ്ധതി -2016-17- സാമ്പത്തിക വർഷത്തെ 2235-02-102-56(P) ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള അങ്കണവാടി കെട്ടിട നിർമ്മാണം, 17.02.2017 തീയതിയിലെ ഉത്തരവ്- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. 11.11.2016 തീയതിയിലെ സ.ഉ.. (സാധാ) നം. 521/2016/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവ്.
2. ICDS A7- 37646/16 തീയതി 17.2.2017 നം. ഉത്തരവ്
3.പേരാവൂർ CDPO യുടെ ഐസിഡിഎസ്/പിവിആർ/299/2017 തീയതി : 16.3.2017.

**ഉത്തരവ് നമ്പർ : ICDS.A7-37646/16 തീയതി: 30.3.2017.**

അങ്കണവാടികളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹിക വിഭവ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള വിവിധ പദ്ധതികൾക്കായി 2016-17 സാമ്പത്തിക വർഷം 2235-02-102-56 ( P) ശീർഷകത്തിൽ നിന്നും 130 ലക്ഷം രൂപ വിനിയോഗിച്ച് ഒരു അങ്കണ വാടിയ്ക്ക് 13 ലക്ഷം രൂപ നിർമ്മാണ ചെലവിൽ 10 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകികൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവാകുകയും ആയത് പരാമർശം (2) പ്രകാരം നിർമ്മാണ ചുമതല LSGD CE യ്ക്ക് നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2) ഉത്തരവിൽ ടേബിൾ നം. 2 ക്രമനം. 2 - ൽ പ്രോജക്ട് കോളത്തിൽ കേളകം എന്നും പഞ്ചായത്ത് കോളത്തിൽ പേരാവൂർ എന്നുമാണ് രേഖപ്പെടുത്തി യിരിക്കുന്നത്. എന്നാൽ പ്രസ്തുത 4- ാം നമ്പർ അങ്കണവാടി പേരാവൂർ പ്രോജക്ടിലെ കൊട്ടിയൂർ പഞ്ചായത്തിലാണ് പ്രവർത്തിക്കുന്നതെന്നും ആയത് തിരുത്തി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും പരാമർശം (3) പ്രകാരം പേരാവൂർ CDPO അഭ്യർഥിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ പരാമർശം (2) പ്രകാരം നിർമ്മാണാനുമതി നൽകിയ കേളകം പ്രോജക്ടിലെ പേരാവൂർ പഞ്ചായത്തിലെ 4- ാം നമ്പർ അങ്കണവാടി എന്നുള്ളത് പേരാവൂർ പ്രോജക്ടിലെ കൊട്ടിയൂർ പഞ്ചായത്തിലെ 4- ാം നമ്പർ എന്നുമാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം (2) ഉത്തരവ് മേൽ ഭേദഗതി ഉത്തരവോടെ നിലനിൽക്കുന്ന താണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

ചീഫ് എഞ്ചിനീയർ
LSGD(കെട്ടിടം), തിരുവനന്തപുരം

<u>പകർപ്പ്</u>

1. പ്രോഗ്രാം ഓഫീസർ, കണ്ണൂർ
2. സി.ഡി.പി.ഒ , പേരാവൂർ
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

TSS/-